Jagratha 073

Vol-II, Issue 40
16-12- 2008

*Kerala Catholic Bishops' Council's*

***Commission for Social Harmony and Vigilance***

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com
(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt

# ജാഗ്രത

## പ്രധാന വാർത്തകൾ

*01. സഭകൾ ഒന്നിച്ച് നിൽക്കണം : കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ*

*02. മതവിശ്വാസം നഷ്ടപ്പെടുമ്പോൾ തീവ്രവാദം ഉയരും : മാർ ജോസഫ് പവ്വത്തിൽ*

*03. കീറിമുറിക്കപ്പെടുന്ന അനുഭവങ്ങളിലൂടെ ക്രൈസ്തവർ ജീവിക്കുന്നു : കാതോലിക്കാബാവ*

*04. രാജ്യത്തിനുവേണ്ടി ജീവത്യാഗം ചെയ്തവരെ അപമാനിക്കരുത് : കെ.സി.വൈ.എം*

*05. സമുദായത്തെ വളർത്തുന്നതോടൊപ്പം രാജ്യത്തേയും ശക്തിപ്പെടുത്തണം : ബിഷപ് കല്ലറക്കൽ*

*06. സഭ പീഡനങ്ങളിൽ തളരരുത് : കർദ്ദിനാൾ മാർ വിതയത്തിൽ*

*07. ജില്ലയിലെ കർഷകരെ രാഷ്ട്രീയക്കാർ കൈയൊഴിഞ്ഞു : മാർ ആനിക്കുഴിക്കാട്ടിൽ*

*08. യുവജനങ്ങൾ രാഷ്ട്രസേവനത്തിന് മുന്നിട്ടിറങ്ങണം : മാർ ജോസഫ് പെരുന്തോട്ടം*

*09. വചനത്തിന് ജീവൻ നൽകണം : മാർ ജോസ് പൊരുന്നേടം*

***10.** പിന്നോക്കാവസ്ഥ മറികടക്കാൻ ലത്തീൻ സമുദായം ഉണരണം : ബിഷപ് സ്റ്റീഫൻ അത്തിപൊഴിയിൽ*

## 01. സഭകൾ ഒന്നിച്ച് നിൽക്കണം : കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ (13-12-2008 )

കേരളത്തിലെ കത്തോലിക്കാസഭയുടെ വൈവിധ്യമാർന്ന ശുശ്രൂഷാമേഖലകളിൽ സഭകൾക്ക് ഒരുമിച്ചു പ്രവർത്തിക്കാൻ സാധിച്ചാൽ കൂടുതൽ നന്മ സഭയ്ക്കും നാം ജീവിക്കുന്ന സമൂഹത്തിനും നൽകാൻ സാധിക്കുമെന്ന് സീറോ മലബാർ സഭ മേജർ ആർച്ചു ബിഷപ്പും സി.ബി.സി.ഐ പ്രസിഡന്റുമായ കർദിനാൾ മാർ വർക്കി വിതയത്തിൽ അഭിപ്രായപ്പെട്ടു. കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ ആസ്ഥാന കാര്യാലയമായ കൊച്ചിയിലെ പാസ്റ്ററൽ ഓറിയന്റേഷൻ സെന്ററിൽ കെ.സി.ബി.സിയുടെ ആഭിമുഖ്യത്തിൽ നടന്ന കേരളത്തിലെ സന്യസ്തരുടെയും മെത്രാന്മാരുടെയും സംയുക്ത സമ്മേളനത്തെ അഭിസംബോധന ചെയ്തു സംസാരിക്കുകയായിരുന്നു കർദിനാൾ. സന്യാസിയും അതു പോലെതന്നെ സഭയിലെ മെത്രാനുമാണ് താൻ. രണ്ടു വിഭാഗത്തിലും തനിക്ക് അനുഭവമുള്ളതുകൊണ്ട് സമർപ്പിതർക്ക് സഭാജീവിതത്തിലുള്ള പങ്കിനേക്കുറിച്ചു വ്യക്തമായ ബോധ്യമുണ്ട്. കേരളസഭയെ ഒരുമിച്ച് നിർത്താൻ സഭ നിർവഹിക്കുന്ന വിവിധ ശുശ്രൂഷകളിലൂടെ സമർപ്പിതർക്ക് സാധിക്കുമെന്നു കർദിനാൾ അഭിപ്രായപ്പെട്ടു.

## 02. മതവിശ്വാസം നഷ്ടപ്പെടുമ്പോൾ തീവ്രവാദം ഉയരും : മാർ ജോസഫ് പവ്വത്തിൽ (27-11-2008)

മതവിശ്വാസം നഷ്ടപ്പെടുന്നതുമൂലമാണ് തീവ്രവാദം ഉയരുന്നതെന്ന് ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ. അതിരമ്പുഴയിൽ നടന്ന മാനവമൈത്രീ സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. മാർഗത്തെക്കുറിച്ചുള്ള നിഷ്ഠയില്ലായ്മയും തീവ്രവാദത്തിലേക്കു നയിക്കും. വിഭജനം സൃഷ്ടിച്ച് വിഭാഗീയതയിലൂടെ നേട്ടങ്ങളുണ്ടാക്കാനുള്ള പ്രവണത നമ്മുടെ നാട്ടിലും കണ്ടുതുടങ്ങി. ഇത്തരത്തിലുള്ള വിഭാഗീയത വിനാശത്തിലേക്കു നയിക്കും. നേട്ടങ്ങൾക്കായി മതവികാരങ്ങളെ ചൂഷണം ചെയ്യുകയാണ്. മതവിരുദ്ധതയിലൂടെ നേട്ടങ്ങൾ കൊയ്യാനുള്ള ശ്രമങ്ങളും വർദ്ധിച്ചുവരികയാണ്. മതങ്ങളുമായി ബന്ധപ്പെട്ടുണ്ടാകുന്ന പ്രശ്നങ്ങളെ പർവതീകരിച്ച്

വിശ്വാസികളെ മതത്തിൽനിന്ന് അകറ്റാനുള്ള ശ്രമമാണ് നടക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. ഫൊറോനാ വികാരിയും ചങ്ങനാശേരി അതിരൂപതാ പി.ആർ.ഒയുമായ റവ.ഡോ.മാണി പുതിയിടം അധ്യക്ഷതവഹിച്ചു. ഇന്റർ ചർച്ച് കൗൺസിൽ ഫോർ എഡ്യൂക്കേഷൻ ചെയർമാൻ ആർച്ച് ബിഷപ് മാർ ജോസഫ് പവ്വത്തിൽ സംഗമം ഉദ്ഘാടനംചെയ്തു.

മാനവ സൗഹാർദത്തിനു തടസംനിൽക്കുന്ന മതതീവ്രവാദത്തിന് തങ്ങളുടെ മനസിൽ സ്ഥാനമില്ലെന്ന ദൃഢപ്രതിജ്ഞയുമായി അതിരമ്പുഴയിലെ വിവിധ മതവിഭാഗങ്ങളിൽപ്പെട്ട ആയിരങ്ങളാണ് മാനവ മൈത്രി സംഗമത്തിനായി സെന്റ് മേരീസ് പാരിഷ് ഹാളിൽ ഒത്തുചേർന്നത് . അതിരമ്പുഴ സെന്റ് മേരീസ് ഫൊറോനാ പള്ളി കേന്ദ്രീകരിച്ച് ആരംഭിച്ച മാനവ സൗഹാർദ വേദിയാണ് മാനവമൈത്രി സംഗമം സംഘടിപ്പിച്ചത്. സമ്മേളനത്തെത്തുടർന്ന് വിവിധ സമുദായങ്ങളുടെ തനതു കലാരൂപങ്ങൾ അവതരിപ്പിച്ചു. കങ്ങഴ മാപ്പിള കലാവേദിയുടെ ദഫ്മുട്ട്, കുമാരനല്ലൂർ മണിയും സംഘവും അവതരിപ്പിച്ച മയിലാട്ടം, ഡാൻസർ സോമന്റെ ഭരതനാട്യം, സെന്റ് അലോഷ്യസ് എച്ച്.എസ്.എസിലെയും സെന്റ് മേരീസ് ഗേൾസ് ഹൈസ്കൂളിലെയും കുട്ടികൾ അവതരിപ്പിച്ച മാർഗംകളി എന്നിവ അരങ്ങേറി. സെന്റ് മേരീസ് ഗായകസംഘം മതമൈത്രീ ഗാനം അവതരിപ്പിച്ചു.

## 03. കീറിമുറിക്കപ്പെടുന്ന അനുഭവങ്ങളിലൂടെ ക്രൈസ്തവർ ജീവിക്കുന്നു : കാതോലിക്കാബാവ (06-12

കീറിമുറിക്കപ്പെട്ട അനുഭവങ്ങളിലൂടെ ക്രൈസ്തവരുടെ ജീവിതം കടന്നു പോകുകയാണെന്നും തളരാതെ, പ്രത്യാശയോടെ ക്രിസ്തുവിന്റെ മുഖത്ത് നോക്കി ജീവിക്കണമെന്നും മലങ്കര കത്തോലിക്കസഭാ മേജർ ആർച്ച്ബിഷപ് മാർ ബസേലിയോസ് ക്ലിമീസ് കാതോലിക്കാബാവ ഉദ്ബോധിപ്പിച്ചു. പട്ടം സെന്റ് മേരീസ് സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന 18-ാം മലങ്കര കാത്തലിക് കൺവൻഷന്റെയും തിരുവനന്തപുരം വൈദികജില്ലാ ജൂബിലിസമാപനാഘോഷ പരിപാടികളുടെയും ഉദ്ഘാടനം നിർവഹിച്ചു പ്രസംഗിക്കുകയായിരുന്നു കാതോലിക്കാബാവ. ഒലിവുമലയിൽ ശിഷ്യൻമാരെ വിളിച്ചു കൂട്ടിയ യേശു തന്റെ ജീവിത നിയോഗം വെളിപ്പെടുത്തുന്നത് നാം കാണുന്നു. നിങ്ങൾ ലോകം എങ്ങും പോയി സുവിശേഷം പ്രസംഗിക്കുവിൻ എന്ന് യേശു പഠിപ്പിക്കുന്നു. വചനപ്രഘോഷണത്തിലൂടെ ദൗത്യം ഏറ്റെടുക്കുന്ന ക്രിസ്ത്യാനി സ്വന്തം ജീവിതത്തിലൂടെ ദൈവസ്നേഹമാണ് വെളിപ്പെടുത്തുന്നത്. ആ വലിയ ദൗത്യം നാം ഏറ്റെടുക്കാൻ തയ്യാറാകണമെന്നും മാർ ക്ലിമീസ് വ്യക്തമാക്കി.

ദൈവമാകുന്ന സ്നേഹത്തെ ലോകത്തിന് കൊടുക്കാൻ പരാജയപ്പെടരുതെന്ന് കാതോലിക്കാബാവ അഭിപ്രായപ്പെട്ടു. നമ്മുടെ ജീവിതത്തിലൂടെ ദൈവം അറിയാൻ ആഗ്രഹിക്കുന്നത് നാം കാണിച്ചു കൊടുക്കണം. പ്രതികൂല സാഹചര്യങ്ങളിലും വചനം പ്രഘോഷിക്കാനും വചനം നമ്മിൽ ജീവിക്കാനും സാധിക്കണം. എല്ലാ ശുശ്രൂഷകളും അനുഗ്രഹപ്രദമാക്കുക. ലോകത്തെ ജയിച്ചവൻ നമ്മുടെ കൂടെയുണ്ട് എന്ന സത്യം കണ്ണ് തുറന്ന് കാണാൻ സാധിക്കണമെന്നും കാതോലിക്കാബാവ പറഞ്ഞു. കർത്താവിന്റെ ഒരു ഉപകരണമായി ഡിവൈൻ ധ്യാനകേന്ദ്രത്തെയും പനയ്ക്കൽ അച്ചനെയും ദൈവം ഉയർത്തിരിക്കുന്നു. പ്രതികൂല സാഹചര്യങ്ങളെ ജയിക്കാൻ അച്ചനെ ശക്തിപ്പെടുത്തിയവൻ ദൈവമാണ്. മനുഷ്യനെ എല്ലാതലത്തിലും ഉയർത്തുന്ന പ്രാർഥനയും ശുശ്രൂഷയുമാണ് ഡിവൈനിൽ നടക്കുന്നത്. പരിശുദ്ധാത്മാവിന്റെ അഭിഷേകം മൂലമാണ് ഈ ശുശ്രൂഷകൾ സാധ്യമാകുന്നതെന്നും കാതോലിക്കാബാവ അഭിപ്രായപ്പെട്ടു. തുടർന്ന് ഡിവൈൻ ധ്യാനകേന്ദ്രം ഡയറക്ടർ ഫാ.ജോർജ് പനയ്ക്കൽ സുവിശേഷപ്രസംഗം നടത്തി. യേശു എന്നും നമ്മുടെ കൂടെയുണ്ട് എന്ന വിശ്വാസമാണ് നമ്മെ മുന്നോട്ട് നയിക്കേണ്ടതെന്ന് ഫാ. ജോർജ് പനയ്ക്കൽ പറഞ്ഞു. യേശു നമ്മോടു കൂടെയില്ലെങ്കിൽ ജീവിതം വ്യർഥമാണ്. ദൈവം നൽകിയ ദാനം സ്വീകരിക്കുന്ന നാം, ദാനത്തെക്കാൾ ഉപരിയാണ് ദൈവം എന്ന വിശ്വാസത്തെ മുറുകെ പിടിക്കണം. വേദനയിൽ ആശ്വാസവും സാന്ത്വാനവുമാണ് ദൈവം. എല്ലാറ്റിലും ഉപരിയായി ദൈവത്തെ സ്നേഹിക്കണമെന്നാണ് വിശുദ്ധ പത്രോസിനോട് യേശു പറഞ്ഞത്. ഇതു തന്നെയാണ് ഓരോ മനുഷ്യനോടും യേശു വെളിപ്പെടുത്തുന്നത്. ദൈവം വിശ്വസ്തനാണ്. മനുഷ്യനെ തള്ളിപ്പറയുകയില്ലെന്ന് അറിയണമെന്നും ഫാ.പനയ്ക്കൽ പറഞ്ഞു.

## 04. രാജ്യത്തിനുവേണ്ടി ജീവത്യാഗം ചെയ്തവരെ അപമാനിക്കരുത് : കെ.സി.വൈ.എം

രാജ്യത്തിനുവേണ്ടി ജീവത്യാഗം ചെയ്ത ധീര ജവാന്മാരെയും കുടുംബാംഗങ്ങളെയും അപമാനിക്കുന്ന പ്രസ്താവനകൾ ഇറക്കുന്നത് അങ്ങേയറ്റം അപലനീയമാണെന്ന് കെ.സി.വൈ.എം രൂപതാസമിതി പറഞ്ഞു. മുംബൈയിൽ ഭീകരരോട് പോരാടി ജീവൻ ബലികഴിച്ച മേജർ സന്ദീപിനെപോലെയുള്ളവർ രാജ്യത്തിനാകെ മാതൃകയാകുമ്പോൾ കേരളത്തിലെ ഭരണനേതൃത്വം ഇവരുടെ കുടുംബാംഗങ്ങളെ സഭ്യമല്ലാത്ത രീതിയിൽ അപമാനിക്കുന്നത് ദേശാഭിമാനമുള്ളവർക്ക് ചേരുന്ന പ്രവൃത്തിയല്ല. രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും തകർക്കാൻ പ്രാദേശിക സഹകരണത്തോടെ ഭീകരർ ആഞ്ഞടിച്ചപ്പോൾ രാഷ്ട്രീയ നേതൃത്വം എവിടെ പോയിരിക്കുകയായിരുന്നു. സുരക്ഷാ ഭീഷണിയും തീവ്രവാദബന്ധവും കേരളത്തിലേക്കും വളരുന്നുണ്ടെന്ന വാർത്തകൾ ഞെട്ടൽ ഉളവാക്കുന്നതാണ്. കേരളം ഭീകരരുടെ ലക്ഷ്യകേന്ദ്രമാകാതിരിക്കാൻ അധികൃതർ ശക്തമായ നടപടികൾ കൈക്കൊള്ളണം. ഇരുന്നൂറോളം പേരുടെ മരണത്തിനിടയാക്കിയ മുംബൈ ഭീകരാക്രമണത്തിൽ രാജ്യത്തിന്റെ വികാരം മുഴുവൻ നെഞ്ചിലേറ്റി ജീവൻ ബലികൊടുത്തും നൂറുകണക്കിനാളുകളെ മോചിപ്പിക്കുകയും ഭീകരരെ തുരത്തുകയും ചെയ്ത ധീരജവാന്മാർക്ക് രൂപതാസമിതി ആദരാഞ്ജലികൾ അർപ്പിച്ചു.

## 05. സമുദായത്തെ വളർത്തുന്നതോടൊപ്പം രാജ്യത്തേയും ശക്തിപ്പെടുത്തണം : ബിഷപ് കല്ലറക്കൽ (09-12-2008)

സമുദായത്തെ വളർത്തുന്നതോടൊപ്പം രാഷ്ട്രത്തേയും ശക്തിപ്പെടുത്തുന്നതിന് വളർന്നുവരുന്ന ഇളംതലമുറ പ്രവർത്തിച്ച് പരസ്പര ഐക്യത്തോടെ മുന്നേറണമെന്ന് കോട്ടപ്പുറം ബിഷപ് ഡോ. ഫ്രാൻസിസ് കല്ലറക്കൽ പറഞ്ഞു.സി.എസ്.എസ് പറവൂർ നിയോജകമണ്ഡലം കൺവൻഷൻ ടൗൺഹാളിൽ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്. യുവജനങ്ങൾ മൂല്യങ്ങൾ മുറുകെപിടിച്ച് ജീവിക്കണം. മറ്റുള്ളവരെ ആദരിക്കുകയും അംഗീകരിക്കുകയുംവേണം. എല്ലാവരുടേയും പുരോഗതിക്കായി ഐക്യബോധത്തോടെ മുന്നോട്ടു പോകണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.യോഗത്തിൽ സി.എസ്.എസ് ചെയർമാൻ ജോസഫ് സ്റ്റാൻലി അധ്യക്ഷത വഹിച്ചു. മന്ത്രി എസ്. ശർമ മുഖ്യപ്രഭാഷണം നടത്തി.

## 06. സഭ പീഡനങ്ങളിൽ തളരരുത് : കർദ്ദിനാൾ മാർ വർക്കി വിതയത്തിൽ (15-12-2008)

ഭാരതത്തിൽ സഭ പലവിധത്തിലുള്ള പീഡനങ്ങൾ അനുഭവിച്ചു കൊണ്ടിരിക്കുകയാണെന്നും ഇതിന്റെ മുമ്പിൽ വിശ്വാസികൾ തളർന്നു പോവരുതെന്നും സീറോ മലബാർ സഭ മേജർ ആർച്ച് ബിഷപ് കർദിനാൾ മാർ വർക്കി വിതയത്തിൽ അഭിപ്രായപ്പെട്ടു. എറണാകുളം- അങ്കമാലി അതിരൂപതയിലെ മതാധ്യാപകർക്കായി സംഘടിപ്പിച്ച കൺവൻഷനിലെ അനുമോദന സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കേരളത്തിലും സഭ ഇന്നു പീഡിപ്പിക്കപ്പെടുകയാണ്. പീഡനങ്ങളുടെയും ദുരാരോപണങ്ങളുടെയും മധ്യത്തിൽ വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ എല്ലാവരും ശ്രദ്ധിക്കണം- അദ്ദേഹം പറഞ്ഞു. പൗരോഹിത്യത്തിന്റെ രജത ജൂബിലി ആചരിച്ച ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്തിനെയും മതബോധന കേന്ദ്രം ഡയറക്ടർ ഫാ.ജോസ് പുതിയേടത്തിനെയും കർദിനാൾ അഭിനന്ദിച്ചു. മതാധ്യാപക കൺവൻഷൻ ബിഷപ് മാർ തോമസ് ചക്യത്ത് ഉദ്ഘാടനം ചെയ്തു. ബിഷപ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് ദിവ്യബലിയർപ്പിച്ചു.

## 07. ജില്ലയിലെ കർഷകരെ രാഷ്ട്രീയക്കാർ കൈയൊഴിഞ്ഞു: മാർ ആനിക്കുഴിക്കാട്ടിൽ (27-11-2008)

ജില്ലയിലെ കർഷകരെ രാഷ്ട്രീയക്കാർ കൈയൊഴിഞ്ഞതായി ഇടുക്കി രൂപതാ ബിഷപ് മാർ മാത്യു ആനിക്കുഴിക്കാട്ടിൽ. കർഷകരുടെ കൈവശഭൂമിക്ക് പട്ടയം നൽകുക, സി.എച്ച്.ആർ ഭൂമി സംബന്ധിച്ച കേസുകൾ കാര്യക്ഷമമായി നടത്തുക, കാർഷിക വിളകളുടെ വിലയിടിവ് തടയുക തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് ആറ് കർഷക സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നടത്തുന്ന മലയോര കർഷക സംരക്ഷണ വാഹനജാഥയുടെ സമാപനം പാറത്തോട്ടിൽ ഉദ്ഘാടനംചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്.

കർഷകരുടെ പ്രശ്നങ്ങൾക്കുനേരെ മുഖംതിരിച്ചുനിൽക്കുന്ന അധികാരികൾ ഉദ്യോഗസ്ഥരുടെ ആവശ്യങ്ങൾക്ക് മുന്തിയ പരിഗണന നൽകുന്നത് നീതിയല്ല. കർഷകരുടെ ഭൂമിക്ക് പട്ടയം ലഭിക്കാത്തതിനാൽ കുട്ടികളുടെ വിവാഹം, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്ക് ബാങ്കിൽനിന്നും ലോൺ വാങ്ങാൻപോലും കഴിയുന്നില്ലെന്ന് ബിഷപ് പറഞ്ഞു.

## 08. യുവജനങ്ങൾ രാഷ്ട്രസേവനത്തിന് മുന്നിട്ടിറങ്ങണം : മാർ ജോസഫ് പെരുന്തോട്ടം (3-12-2008)

യുവജനങ്ങൾ രാഷ്ട്രസേവനത്തിനു മുന്നിട്ടിറങ്ങണമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. അതിരൂപതാ യുവദീപ്തി - കെ.സി.വൈ.എമ്മിന്റെ പുതിയവർഷത്തെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പ്രസിഡന്റ് കെ.സി. ജോജോ അധ്യക്ഷതവഹിച്ചു. സിസ്റ്റർ ടീനാ ജോസ് മാർഗരേഖ പ്രകാശനം ചെയ്തു. മുൻ അതിരൂപതാ പ്രസിഡന്റ് ജോസഫ് ചാക്കോ പ്രസംഗിച്ചു.മികച്ച പ്രവർത്തനങ്ങൾക്കുള്ള ഫൊറോനാകൾക്കുള്ള അവാർഡ് കോട്ടയം, ചമ്പക്കുളം ഫൊറോനകൾക്കും മികച്ച യൂണിറ്റുകൾക്കുള്ള അവാർഡ് ഐക്കരച്ചിറ, ഉായിക്കാട്, നർബോനപുരം, ആർപ്പൂക്കര എന്നീ യൂണിറ്റുകൾക്കും ലഭിച്ചു.

## 09. വചനത്തിന് ജീവൻ നൽകണം : മാർ ജോസ് പൊരുന്നേടം (06-12-2008)

ആത്മാവും ജീവനുമായ വചനത്തെ ജീവിതത്തിന്റെ ശക്തിയും ജീവനുമാക്കണമെന്ന് മാനന്തവാടി രൂപത ബിഷപ് മാർ ജോസ് പൊരുന്നേടം. ദ്വാരക സിയോൻ ധ്യാന കേന്ദ്രത്തിൽ നടന്ന വചന കൺവെൻഷൻ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു ബിഷപ്. വചനാധിഷ്ഠിത ജീവിതം കാലഘട്ടത്തിന്റെ അനിവാര്യതയാണെന്ന് വികാരി ജനറാൾ മോൺ. ജോർജ് മൂലയിൽ പറഞ്ഞു. ജീവിത വിശുദ്ധിയുടെ വഴിത്താരയായി ദൈവവചനത്തെ സ്വീകരിക്കണമെന്ന് വചന പ്രഘോഷകനായ റവ. ഡോ. മാണി പുതിയിടം പറഞ്ഞു.

## 10. പിന്നോക്കാവസ്ഥ മറികടക്കാൻ ലത്തീൻ സമുദായം ഉണരണം: ബിഷപ് (9-12-2008)

ലത്തീൻ സമുദായം നേരിടുന്ന പിന്നോക്കാവസ്ഥ മറികടക്കാൻ സമുദായംഗങ്ങൾ ഉണർന്നുപ്രവർത്തിക്കണമെന്ന് ആലപ്പുഴ ബിഷപ് ഡോ. സ്റ്റീഫൻ അത്തിപ്പൊഴിയിൽ. ലത്തീൻ സമുദായ ദിനാഘോഷങ്ങളുടെ രൂപതതല ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.രാജ്യത്തിന്റെ സമ്പത്തും അധികാരവും ചിലരുടെ കൈകളിൽമാത്രം കേന്ദ്രീകരിക്കപ്പെടുമ്പോഴാണ് ദുർബല വിഭാഗങ്ങൾ രൂപപ്പെടുന്നത്. ദുർബലരുടെ അവകാശങ്ങൾ നിഷേധിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങൾ രാജ്യത്തെമ്പാടും നടന്നുവരുന്നതായും ബിഷപ് പറഞ്ഞു.